**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 809** **14-01-2021 - ൽ മറുപടിയ്ക്ക്**

**ഗോത്രസാരഥി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. ജോർജ് | | **Shri A. K. Balan**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പമന്ത്രി) | |
| (എ) | പട്ടിക വർഗ്ഗത്തിൽപ്പെട്ട സ്കൂൾ കുട്ടികളുടെ യാത്രക്ക് ഏറെ ഉപകാരപ്പെട്ടിരുന്ന ഗോത്രസാരഥി പദ്ധതി ഇപ്പോൾ വിജയകരമായി നടക്കുന്നുണ്ടോ; | (എ) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ യാത്രയ്ക്ക് ഗോത്രസാരഥി പദ്ധതി 2019-20 വർഷം വരെ വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. 2020-21 വർഷം സ്കൂൾ പ്രവർത്തിക്കാതിരുന്നതിനാൽ നടപ്പ് വർഷം ടി പദ്ധതി നടപ്പിലാക്കിയിട്ടില്ല. 01/01/2021 മുതൽ 10-ാം ക്ലാസ്സിലെ കുട്ടികൾക്ക് ക്ലാസ് ആരംഭിച്ച സാഹചര്യത്തിൽ ടി കുട്ടികളെ സ്കൂളുകളിൽ എത്തിക്കുന്നതിനായി പദ്ധതി നടപ്പിലാക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് ജില്ലാതല ഉദ്യോഗസ്ഥർക്ക് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ എന്തെല്ലാം നൂതന പരിഷ്കാരങ്ങളാണ് ഇതിൽ വരുത്തിയിട്ടുള്ളത്; വിശദമാക്കാമോ? | (ബി) | സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വിദൂരവും ദുർഘടവുമായ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ നിന്ന് വിദ്യാർത്ഥികളെ സ്കൂളുകളിൽ എത്തിക്കുന്ന പദ്ധതിയാണ് ഗോത്രസാരഥി പദ്ധതി. ടി പദ്ധതിയിൽ ഉൾപ്പെടുത്തുന്ന സ്കൂളുകൾ തെരഞ്ഞെടുക്കുന്നതിലും നടത്തിപ്പിലും പ്രധാന പങ്ക് വഹിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആയതിനാലും, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ട് അപര്യാപ്തമായതിനാലും ഗോത്രസാരഥി പദ്ധതിയുടെ നടത്തിപ്പിനായി ത്രിതല പഞ്ചായത്തുകൾക്കും നഗരസഭകൾക്കും ടി.എസ്.പി പദ്ധതിയിലുൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കാൻ 01/04/2020-ലെ സ.ഉ(സാധാ)നം.725/2020/ ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ